കാര്യവിചാരം

ടി. കെ. ജോസ് ഐ.എ.എസ്.



# നീര കേരകർഷകരുടെ മാഗ്നാകാർട്ട

കഴിഞ്ഞ രണ്ടുവർഷമായി കേരളത്തിലെ കേരകർഷകർ ചില പ്രതിസന്ധികൾ നേരിടുന്നുണ്ട്. നാളികേര കൃഷിയിലും സംസ്ക്കരണത്തിലും മുന്നിട്ടുനിൽക്കുന്ന നിരവധി ദക്ഷിണേഷ്യൻ രാജ്യങ്ങളുടെ അനുഭവങ്ങൾ പഠിച്ചു മനസിലാക്കുമ്പോൾ വെളിച്ചെണ്ണയ്ക്കും, കൊപ്രയ്ക്കും നാളികേരത്തിനും വിലയിടിയുമ്പോഴും കേരകർഷകരുടെ വരുമാനം കുറയുന്നില്ല എന്ന പാഠമാണ് ലഭിക്കുന്നത്. മറ്റ് നിരവധി മൂല്യവർദ്ധിത നാളികേര ഉൽപന്നങ്ങളുടെ ഉത്പാദനത്തിലേക്ക് അവർ കടന്നിട്ടുള്ളതിനാൽ ഈ രാജ്യങ്ങളിലെ കേരകർഷകരുടെ സാമ്പത്തിക സ്ഥിതി, കേരളത്തിലെ പോലെയല്ല. വെളിച്ചെണ്ണയുടെയും കൊപ്രയുടെയും അന്താരാഷ്ട്ര വില ഇന്ത്യയിലും ആ രാജ്യങ്ങളിലും ഏകദേശം ഒരു പോലെയാണ്. ചില രാജ്യങ്ങളിലെങ്കിലും ഇന്ത്യയിലെക്കാളും കുറവുമാണ്. ലോകത്തെ പ്രധാന നാളികേര ഉത്പാദക രാജ്യങ്ങളിൽ ഉത്പാദനത്തിന്റെ 85 ശതമാനവും ഏഷ്യ - പസഫിക്ക് രാജ്യങ്ങളിൽ നിന്നാണ്. ഭൂവിസ്തൃതിയിലും ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലും ഏഷ്യൻ രാജ്യങ്ങളാണ് മുൻപന്തിയിൽ.

ഇന്ത്യ നാളികേര കൃഷിയിൽ ഒരു പ്രധാനപ്പെട്ട ശക്തിയായിരുന്നു എന്നു മാത്രമല്ല, കഴിഞ്ഞ പത്തു വർഷമായി ഉത്പാദനക്ഷമതയിൽ നാം തന്നെയാണ് ഒന്നാം സ്ഥാനത്ത്. ഭൂവിസ്തൃതിയുടെ കാര്യത്തിൽ ഫിലിപ്പീൻസ് ഒന്നാം സ്ഥാനത്തും, ഇന്തോനേഷ്യ രണ്ടാം സ്ഥാനത്തും, ഇന്ത്യ മൂന്നാം സ്ഥാനത്തുമാണ്. 2011 ആയപ്പോൾ നാളികേരോത്പാദനത്തിലും ഇന്തോനേഷ്യയെ പിന്നിലാക്കി ഇന്ത്യ ഒന്നാം സ്ഥാനത്തെത്തി. ഇപ്പോൾ നാളികേരോത്പാദനത്തിൽ ഇന്ത്യക്ക് ഒന്നാം സ്ഥാനവും, ഇന്തോനേഷ്യയ്ക്ക് രണ്ടാം സ്ഥാനവും, ഫിലിപ്പീൻസിനു മൂന്നാം സ്ഥാനവുമാണുള്ളത്. എന്നാൽ നാളികേരം, കൊപ്ര, വെളിച്ചെണ്ണ എന്നിവയ്ക്ക് വിലയിടിവ് സംഭവിക്കുമ്പോൾ, ശ്രീലങ്കയിലെയും, മലേഷ്യയിലെയും, ഫിലിപ്പീൻസിലെയും, ഇന്തോനേഷ്യയിലെയും നാളികേര കർഷകരുടെ സാമ്പത്തിക നില തകരുന്നില്ല. ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ മാത്രമാണ് വെളിച്ചെണ്ണയുടെയും, കൊപ്രയുടെയും വിലയിടിവ് കർഷകരെ ദുരിതത്തിലാക്കുന്നത്. കേരളത്തിലാണ് ഇതിന്റെ രൂക്ഷമായ അവസ്ഥ കാണുന്നത്. കാരണം തമിഴ്നാട്ടിലെ കേരകർഷകർ കൂടുതൽ മൂല്യവർദ്ധിത ഉത്പന്നങ്ങളിലേക്കും പ്രത്യേകിച്ച് കരിക്കിലേക്കും തിരിയുന്നു. കേരളത്തിൽ ഉത്പാദിപ്പിക്കുന്ന നാളികേരത്തിൽ കേവലം നാലു ശതമാനത്തിൽ താഴെ മാത്രം കരിക്കിനായി ഉപയോഗപ്പെടുത്തുമ്പോൾ തമിഴ്നാട്ടിൽ ഏകദേശം 27 ശതമാനം നാളികേരവും കരിക്കായി വിളവെടുക്കുന്നു. ആന്ധ്രയിലും സ്ഥിതി മറിച്ചല്ല. കർണ്ണാടകത്തിൽ കരിക്കിന്റെ ഉപയോഗം ചില സ്ഥലങ്ങളിൽ കൂടുതലുണ്ടെങ്കിലും മറ്റു മൂല്യവർദ്ധിത ഉത്പന്നങ്ങളാണു കൂടുതൽ. കേരളത്തിലാകട്ടെ നാളികേരത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ ഉത്പാദനം വളരെ കുറവാണ്. ഇവിടെ 88 ശതമാനത്തോളം നാളികേരവും കൊപ്രയിലേക്കും വെളിച്ചെണ്ണയിലേക്കും മാത്രമാണ് മാറ്റപ്പെടുന്നത്. വെളിച്ചെണ്ണയാകട്ടെ കേരളത്തിലും കർണ്ണാടകത്തിന്റെ ദക്ഷിണ ജില്ലകളിലെ ഏതാനും സ്ഥലങ്ങളിലും, തമിഴ്നാടിന്റെ രണ്ടോ മൂന്നോ ജില്ലകളിലും മാത്രമാണ് ഭക്ഷ്യയെണ്ണയെന്ന നിലയിൽ ഉപയോഗിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിൽ ഭക്ഷ്യ എണ്ണയായി വെളിച്ചെണ്ണ ഉപയോഗിക്കുന്നില്ലെങ്കിലും വെളിച്ചെണ്ണയെ ഭക്ഷ്യയെണ്ണയുടെ കാറ്റഗറിയിലാണ് കേന്ദ്ര വാണിജ്യ മന്ത്രാലയം പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ഇവിടെ വിപണിയിൽ കെട്ടിക്കിടന്നാൽപോലും ഭക്ഷ്യയെണ്ണകളുടെ കയറ്റുമതി നിരോധിച്ചിരുന്നതുകൊണ്ട് വെളിച്ചെണ്ണ കയറ്റുമതി നടത്തുവാൻ കഴിയുമായിരുന്നില്ല. നാളികേര ഉത്പാദനത്തിൽ മൂന്നാം സ്ഥാനത്തു നിൽക്കുന്ന ഫിലിപ്പീൻസ് കഴിഞ്ഞ വർഷം 33 ലക്ഷം മെട്രിക്ക് ടൺ വെളിച്ചെണ്ണ കയറ്റി അയച്ചപ്പോൾ ഉത്പാദനത്തിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന ഇന്ത്യയിൽ നിന്ന് കയറ്റി അയച്ചതാകട്ടെ കേവലം 8500 മെട്രിക് ടൺ മാത്രമാണ്. അതിനു കാരണം, ഇന്ത്യയിൽ നിന്ന് കൊച്ചി തുറമുഖത്ത് നിന്നും മാത്രമെ വെളിച്ചെണ്ണ കയറ്റി അയ്ക്കാൻ കഴിയുമായിരുന്നുള്ളു എന്നതാണ്. അതു തന്നെ 5 കിലോഗ്രാമിൽ താഴെയുള്ള പായ്ക്കറ്റുകളിൽ മാത്രം. മറ്റെല്ലാ തുറമുഖങ്ങളിൽ നിന്നും, ഭക്ഷ്യയെണ്ണകളെല്ലാം കൂടി 20,000 മെട്രിക് ടൺ മാത്രമെ കയറ്റി അയ്ക്കുവാൻ കഴിയുമായിരുന്നുള്ളു. തുറമുഖ നിയന്ത്രണം, പായ്ക്കിംഗ് നിയന്ത്രണം, അളവിലെ നിയന്ത്രണം തുടങ്ങിയ മൂന്നു നിയന്ത്രണങ്ങൾക്കു വിധേയമായിരുന്നു വെളിച്ചെണ്ണ കയറ്റുമതി. ഇതിൽ തുറമുഖ നിയന്ത്രണവും, അളവിലെ നിയന്ത്രണവും ഇപ്പോൾ എടുത്തു മാറ്റിയിട്ടുണ്ട്. ഇന്ത്യയിലെ ഏതു തുറമുഖത്തു നിന്നും എത്ര വേണമെങ്കിലും അളവിൽ ഇപ്പോൾ വെളിച്ചെണ്ണ കയറ്റി അയ്ക്കാം. പക്ഷെ പായ്ക്കിംഗ് നിയന്ത്രണം ഇപ്പോഴും തുടരുന്നുണ്ട്.

## നാളികേരത്തിന്റെ മികച്ച ഭൂതകാലം

തെങ്ങുകൃഷി മറ്റുകൃഷികളെളാക്കെയപേക്ഷിച്ച് സാമ്പത്തികമായി മെച്ചമായിരുന്ന ഒരു കാലഘട്ടത്തിലൂടെയാണ് അന്ന് കർഷകർ കടന്നുപോയിരുന്നത്. 1980കളിൽ ഒരു തേങ്ങയ്ക്ക് 5രൂപ വിലയുണ്ടായിരുന്നപ്പോൾ ഒരുപവൻ സ്വർണ്ണത്തിന് 800 രൂപയായിരുന്നു വില. അന്ന് ഒരു ലിറ്റർ പെട്രോളിന്റെ വില ഒരു നാളികേരത്തിന്റെ വിലയേക്കാൾ താഴെയായിരുന്നു, ഡീസലിന്റെ വില അതിലും താഴെ. ഒരു കോഴിമുട്ടയ്ക്ക് പത്തോ പതിനഞ്ചോ പൈസ വില. ഒരു നാളികേരം കൊടുത്താൽ നാൽപതോ നാൽപത്തിയഞ്ചോ കോഴിമുട്ട ലഭിക്കുമായിരുന്നു. ഒരു നാളികേരം കൊടുത്താൽ

രണ്ടു ലിറ്റർ ഡീസൽ ലഭിച്ചിരുന്ന, 160 നാളികേരം കൊടുത്താൽ ഒരു പവൻ സ്വർണ്ണം ലഭിച്ചിരുന്ന, ഒരു തേങ്ങ കൊടുത്താൽ നാൽപത്തിയഞ്ചോളം കോഴിമുട്ടകൾ ലഭിച്ചിരുന്ന കാലത്ത് നിന്ന് തേങ്ങയുടെ വില ഇന്നും അതേ അഞ്ച് രൂപയിൽ തന്നെ നിൽക്കുന്നു. വടക്കൻ ജില്ലകളിൽ അഞ്ച് രൂപപോലും ലഭിക്കാത്ത സ്ഥിതിയുമുണ്ട്. കേര കർഷകരുടെ സാമ്പത്തിക സ്ഥിതി ഇത്രയും മോശമായപ്പോഴാണ് തെങ്ങിൽ നിന്നുള്ള മറ്റു മൂല്യവർദ്ധിത ഉൽപന്നങ്ങളെപ്പറ്റി ഗൗരവമായി ചിന്തിക്കേണ്ടി വരുന്നത്. അപ്പോഴാണ് നീരയുടെ പ്രാധാന്യം വർദ്ധിക്കുന്നത്. നീരയുത്പാദനം കേരളത്തിലെ തെങ്ങുകൃഷിക്കും കർഷകർക്കും തീർച്ചയായും അനുഗ്രഹമാകും.

കരീബിയൻ രാജ്യങ്ങളിലും ദക്ഷിണ അമേരിക്കൻ രാജ്യങ്ങളിലും ആഫ്രിക്കൻ രാജ്യങ്ങളിലുമെല്ലാം കള്ള് 'കോക്കനട്ട് വൈൻ' എന്നാണ് അറിയപ്പെടുന്നത്. നീര ഉത്പാദിപ്പിക്കുന്നതിന് ഇന്ത്യ ഒഴികെ ഒരു രാജ്യത്തും നിയന്ത്രണങ്ങളില്ല.

നീരയുടെ ശേഖരണം



പട്ടണങ്ങളിലേയും അനുബന്ധ പ്രദേശങ്ങളിലേയും തെങ്ങിൻ തോപ്പുകൾ വളരെ വേഗം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. തെങ്ങ് കേരളത്തിന്റെ കാർഷികവിളകളിൽ വളരെ കാലം തുടർച്ചയായി ഒന്നാം സ്ഥാനത്ത് നിന്ന വിളയാണ്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര വരുമാനത്തിൽ ഏതെങ്കിലുമൊരുവിളയ്ക്ക് തുടർച്ചയായി ദീർഘകാലം ഒന്നാംസ്ഥാനമുണ്ടായിരുന്നെങ്കിൽ അത് തെങ്ങിന് മാത്രമാണ്. 2006 മുതൽ തെങ്ങിനെ പിന്തള്ളി റബ്ബർ ഒന്നാംസ്ഥാനത്തെത്തി. കാർഷിക ഉൽപന്നങ്ങളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനത്തിൽ റബ്ബറിലും വളരെ താഴെയായി നാളികേരം. ഈ അവസ്ഥയ്ക്ക് മാറ്റം വന്നില്ലെങ്കിൽ തെങ്ങുകൃഷിയേക്കാൾ വരുമാനം ലഭിക്കുന്ന മറ്റ് പ്രവർത്തനങ്ങളിലേക്ക് കാർഷിക ഭൂമി വഴുതിവീഴും (അതിവേഗം നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഗ്രാമങ്ങളാണ് നമുക്കുള്ളത്). തെങ്ങിനേയും തെങ്ങ് കൃഷിയേയും ആശ്രയിച്ച് കഴിയുന്ന ലക്ഷക്കണക്കിന് തൊഴിലാളികൾ കേരളത്തിലുണ്ട്. എങ്കിലും ഇന്നും ഇന്ത്യയിൽ നാളികേരകൃഷിയുടെ ഭൂവിസ്തൃതിയിലും ഉത്പാദനത്തിലും ഒന്നാം സ്ഥാനം കേരളത്തിനാണ്.

നാളികേര കൃഷിയുമായി ബന്ധപ്പെട്ട് ചെയ്യാൻ കഴിയുന്ന എല്ലാക്കാര്യങ്ങളും നാം ഗൗരവകരമായി ചെയ്യേണ്ടതുണ്ട്. തെങ്ങിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. മറ്റ് രാജ്യങ്ങളിലും സംസ്ഥാനങ്ങളിലും ഉണ്ടാക്കുന്ന നാളികേരത്തിൽ നിന്നുള്ള ഉൽപന്നങ്ങളെല്ലാം തന്നെ കേരളത്തിലും നിർമ്മിക്കാൻ സാധിച്ചില്ലെങ്കിൽ നമുക്ക് നമ്മുടെ മൂല്യം നഷ്ടപ്പെടുന്നുവെന്ന് മാത്രമല്ല വരുംകാലങ്ങളിൽ നമ്മുടെ വിപണിയിലേക്ക് അന്യരാജ്യങ്ങളുടെ ഉത്പന്നങ്ങൾ കടന്നുകയറുമെന്ന ആശങ്കയുമുണ്ട്. ഇതിനെല്ലാം പുറമെയാണ് ആസിയൻ രാജ്യങ്ങളുമായി ഉണ്ടാക്കിയ കരാർപ്രകാരം 2014 ൽ ഇറക്കുമതിച്ചുങ്കമില്ലാതെ കാർഷികോൽപന്നങ്ങളടക്കമുള്ള വിവിധ ഉൽപന്നങ്ങൾ ഇന്ത്യയിലേക്ക് ധാരാളമായി ഇറക്കുമതി നടക്കാനുള്ള അവസരമുണ്ടാകുന്നതും. ഇപ്പോൾതന്നെ തിരുവനന്തപുരത്തും മറ്റു പട്ടണങ്ങളിലും ശ്രീലങ്ക, ഇന്തോനേഷ്യ, തായ്ലന്റ്, ഫിലിപ്പീൻസ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള നീര ലഭ്യമാണ്. തായ്ലന്റിൽ നിന്നുള്ളതാണ് ഏറ്റവും വിലകൂടിയത്. 330 മി. ലി. ഉള്ള തായ്ലന്റ് നീരയ്ക്ക് വില 120 ഇന്ത്യൻ രൂപയാണ്. ശ്രീലങ്കൻ നീരയുടെ വില ലിറ്ററിന് 125 രൂപയാണ്. തായ്ലന്റിൽ നീര കൂടുതലായും കോക്കനട്ട് പാം ഷുഗറായി മാറ്റുകയാണ് ചെയ്യുന്നത്.

## നീര മറ്റ് ഏഷ്യൻ രാജ്യങ്ങളിൽ

ഇന്തോനേഷ്യയിലെ ബാലി ദ്വീപിൽ മാത്രം 2011ൽ 36 ലക്ഷം ടൺ നീരയിൽ നിന്നും 6 ലക്ഷം ടൺ കോക്കനട്ട് പാം ഷുഗറുണ്ടാക്കി. 2012 ൽ ഇത് 50 ലക്ഷം ടൺ നീരയും 9 ലക്ഷം ടൺ കോക്കനട്ട് പാം ഷുഗറുമായി വർദ്ധിച്ചിരിക്കുന്നു എന്നാണ് പ്രാഥമിക സൂചനകൾ. ഇന്ന് ജാവ ദ്വീപിൽ തങ്ങളുടെ കൃഷിയിടങ്ങളിലെ റബ്ബറും എണ്ണപ്പനയും വെട്ടിക്കളഞ്ഞ് നീരയുത്പാദനം ലക്ഷ്യമിട്ടുകൊണ്ട് തെങ്ങ്കൃഷിക്കായി ആളുകൾ മുന്നോട്ട് വരുന്ന വാർത്തകളാണുള്ളത്. നമ്മുടെ വാണിജ്യ നികുതി വകുപ്പിന്റെ പട്ടികയിൽ നീര എന്നൊരു ഉൽപന്നം ഇല്ലാത്തതിനാൽ നീരയ്ക്ക് ഇവിടെ നികുതിയില്ല. അപ്പോൾ ലക്ഷക്കണക്കിന് ടൺ നീര ഫിലിപ്പീൻസിൽ നിന്നോ തായ്ലന്റിൽ നിന്നോ ശ്രീലങ്കയിൽ നിന്നോ ഇറക്കുമതി ചെയ്താൽ കേരളത്തിന് ഒരു പൈസപോലും നികുതി വരുമാനം ലഭിക്കാതെ ഇവിടെ വിൽക്കപ്പെട്ടേക്കാം. അന്താരാഷ്ട്ര കരാറുകളിലെ വ്യവസ്ഥകൾ മാറ്റുന്നതിന് സംസ്ഥാന ഗവൺമെന്റുകൾക്ക് തനിയെ സാദ്ധ്യമല്ല.

## നീരയുടെ സാമ്പത്തിക രംഗം

നീരയുടെ സാമ്പത്തിക വശം കൂടി പരിശോധിക്കാം. ഇന്ന് കർണ്ണാടകത്തിൽ 200 മി. ലി. നീര പായ്ക്കറ്റിന് 25 രൂപയാണ് വില. അതായത് ഒരു ലിറ്ററിന് 125 രൂപ. 100 രൂപ ലിറ്ററിന് എന്ന് കണക്കാക്കിയാൽ 200 മി. ലി. യുടെ പായ്ക്കറ്റിന് 20 രൂപ വില ലഭിക്കും. കേരളത്തിൽ 42 ലക്ഷം കേരകർഷകരും 18 കോടി തെങ്ങുകളുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ 18 കോടി തെങ്ങുകളിൽ 1 ശതമാനം വരുന്ന 18 ലക്ഷം തെങ്ങുകളിൽ നിന്ന് നീരയുത്പാദിപ്പിക്കുവാൻ കഴിഞ്ഞാലോ? ഇതു പടിപടിയായി വർദ്ധിപ്പിച്ച് 5 ശതമാനവും പത്ത് ശതമാനവുമായാലോ? താഴെ നൽകിയിട്ടുള്ള കണക്കുകൾ കാണുക.

### അറിയിപ്പ്



കേരളകർഷകൻ മെയ് ലക്കത്തിൽ കുട്ടികൾക്കായി നടത്തിയ **എന്റെ പച്ചക്കറിത്തോട്ടം** രചനാ മത്സരത്തിന് മികച്ച പ്രതികരണമാണ് ലഭിച്ചത്. ഇതിന്റെ ഫലം അടുത്ത ലക്കത്തിൽ പ്രഖ്യാപിക്കും.



ശരാശരി ഒരു തെങ്ങിൽ നിന്നും പ്രതിദിനം ഒരു ലിറ്റർ നീര വീതം ലഭിക്കുമെന്ന് കണക്കാക്കിയാൽ 18 ലക്ഷം ലിറ്റർ നീര ദിവസേന ഉത്പാദിപ്പിക്കപ്പെടും. നൂറ് രൂപയാണ് ഒരു ലിറ്ററിന്റെ ഉപഭോക്തൃ വിലയെന്നു കണക്കാക്കിയാൽ സംസ്ഥാനത്തിലെ ആഭ്യന്തര വരുമാനത്തിലേക്ക് 18 കോടി രൂപയാണ് ദിവസേന അധികമായി വരുന്നത്. വർഷത്തിൽ 300 ദിവസത്തെ ഉത്പാദനം മാത്രം കണക്കിലെടുത്താൽ 5400 കോടി രൂപയുടെ അധിക വരുമാനം സംസ്ഥാന സമ്പദ് വ്യവസ്ഥയിലേക്ക് സംഭാവന നൽകാൻ കേരളത്തിലെ ഒരു ശതമാനം മാത്രം തെങ്ങുകൾക്ക് കഴിയും. ഉത്പാദനം ഒരു തെങ്ങിൽ നിന്ന് രണ്ടോ മൂന്നോ ലിറ്ററായി വർദ്ധിപ്പിക്കുന്നതും വിഷമകരമല്ല. ടാപ്പു ചെയ്യുന്ന തെങ്ങുകളുടെ എണ്ണം പടിപടിയായി വർദ്ധിപ്പിച്ച് 10 ശതമാനം തെങ്ങുകളിൽ നിന്ന് നീര ടാപ്പു ചെയ്താലും നാളികേരോത്പാദനത്തിൽ കുറവുണ്ടാകുകയില്ല. അതുവഴി 54,000 കോടിരൂപയുടെ പ്രതിവർഷ വരുമാനം ലഭിക്കാനാവും. പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ ചൂണ്ടിക്കാട്ടിയത് കേരളത്തിലെ പത്ത് ശതമാനം തെങ്ങുകളിൽ നിന്ന് നീര ഉത്പാദിപ്പിച്ചാൽ ഒരു വർഷം കൊണ്ട് കേരളത്തിന്റെ മൊത്ത ആഭ്യന്തര വരുമാനത്തിൽ 17.16 ശതമാനം വളർച്ചയുണ്ടായേക്കാമെന്നാണ്. മറ്റൊരു മേഖലയ്ക്ക് നമ്മുടെ സമ്പദ് വ്യവസ്ഥയിൽ ഇത്രവലിയ സംഭാവന നൽകാൻ സാദ്ധ്യമല്ല.

## വരുമാനത്തിന്റെ വിതരണം

കാസർകോഡ് മുതൽ പാറശ്ശാല വരെ നീണ്ടുകിടക്കുന്ന കർഷക കുടുംബങ്ങളിലേക്ക് വരുമാനത്തിന്റെ പങ്ക് എത്തിക്കാൻ പര്യാപ്തമായ ഏക കാർഷിക വിളയും തെങ്ങാണ്. തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടില്ല എന്ന് മാത്രമല്ല ഇപ്പോഴുള്ള തൊഴിലവസരങ്ങൾ ചുരുങ്ങിയത് പത്ത് മടങ്ങായെങ്കിലും വർദ്ധിക്കുമെന്നും അവർ തന്നെ തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു.

## നീരയും 'ഗ്രീൻ കോളർ ജോലിയും'

പത്ത് ലക്ഷത്തോളം തൊഴിലാളികൾക്ക് 'ഗ്രീൻ കോളർ ജോലി' സൃഷ്ടിക്കാനുള്ള അവസരമാണ് നീര നൽകുന്നത്. പരിസ്ഥിതി സൗഹൃദ-കാർഷിക-അനുബന്ധ സംസ്ക്കരണ രംഗത്ത് നിന്നുള്ള തൊഴിലിനെയാണ് 'ഗ്രീൻ കോളർ ജോലി' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ശരാശരി ഒരു നീര ടാപ്പർക്ക് 15 വരെ, വളരെ ഉയരം കുറഞ്ഞ തെങ്ങാണെങ്കിൽ 20 തെങ്ങുകൾ വരെ ടാപ്പ് ചെയ്യാൻ സാധിക്കും. അപ്പോൾ കേരളത്തിലെ ഒരു ശതമാനം വരുന്ന 18 ലക്ഷം തെങ്ങുകൾ ടാപ്പ് ചെയ്യാൻ ഏകദേശം ഒരുലക്ഷം നീര ടെക്നീഷ്യൻമാരുടെ ആവശ്യമുണ്ട്. "ഗ്രീൻ കോളർ ജോലി" എന്നൊരു സങ്കൽപ്പം ഇന്ത്യയുടെ തനതാണ്. അതുപോലെ ഇന്ത്യയിലെ തന്നെ ആശയമാണ് 'ഗ്രീൻ ജിഡിപി' അഥവാ 'ഹരിത സമ്പദ്വ്യവസ്ഥ'യെന്നത്. ഒരു ശതമാനം തെങ്ങുകളിൽ നിന്ന് നീര ടാപ്പ് ചെയ്താൽ ഒരു ലക്ഷവും, പത്ത് ശതമാനം തെങ്ങുകളിൽ നിന്നും നീര ടാപ്പ് ചെയ്താൽ പത്ത് ലക്ഷവും "ഗ്രീൻ കോളർ ജോലി"കൾ പുതുതായി സൃഷ്ടിക്കാനാവും. കേരളത്തിൽ വേണ്ടത്ര തൊഴിലവസരങ്ങൾ ഇല്ലാത്തതുകൊണ്ടാണ് നമ്മുടെ ചെറുപ്പക്കാർ ഗൾഫിലേക്ക് പോയത്. അവസരങ്ങൾ കേരളത്തിൽ നമുക്ക് സൃഷ്ടിക്കാൻ സാധിച്ചാൽ പല സാമൂഹ്യ പ്രശ്നങ്ങളും പരിഹരിക്കാൻ നമുക്ക് സാധിക്കും. മലപ്പുറം ജില്ലയിൽ , ഗൾഫിൽ നിന്നും തിരികെ വന്ന മുന്നൂറിലധികം ആളുകൾ ദിവസേന ആയിരത്തിയഞ്ഞൂറും രണ്ടായിരവും രൂപ വരുമാനമുണ്ടാക്കുന്ന, യന്ത്രസഹായത്തോടെ തെങ്ങുകയറുന്ന 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പദ്ധതിയിൽ ചേർന്നിരിക്കുന്നു. നാട്ടിൽ ജോലിചെയ്ത് മാന്യമായ വരുമാനവും കുടുംബത്തോടൊന്നിച്ചുള്ള ജീവിതവും സാധ്യമാക്കുന്ന ഈ ജോലി ഗൾഫ് ജോലിയേക്കാൾ എത്രയോ ഭേദമെന്ന് അവർ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.

തെങ്ങിൽ നിന്നുള്ള വരുമാനം കൂടിക്കഴിഞ്ഞാൽ ഏതൊക്കെ കാര്യങ്ങൾക്കായിരിക്കും തുക ചെലവഴിക്കപ്പെടുക? കർഷകരുടെ കുടുംബങ്ങളിലേക്കും, തൊഴിലാളികളിലേക്കും ഗ്രാമീണ സമ്പദ്വ്യവസ്ഥയിലേക്കുമൊക്കെ പണം പകർന്നു നൽകുന്ന വിളയാണ് തെങ്ങ്. അപ്പോൾ കേരളത്തിലെ ഗ്രാമീണ സമ്പദ്വ്യവസ്ഥയിൽ ഏറ്റവും കൂടുതൽ ആളുകളിലേക്ക്, കുടുംബങ്ങളിലേക്ക് വരുമാനം പകർന്നു നൽകാൻ കഴിയുന്നൊരു വിളയാണ് തെങ്ങ്. വൻകിട സ്വകാര്യകുത്തകകളോ വിദേശ കമ്പനികളോ നമ്മുടെ നീരയുടെ അവസരം കൊണ്ടു പോകുന്ന സ്ഥിതിയുണ്ടാകരുത്. അമൂലിന്റെ ഘടന നോക്കൂ, ഗ്രാമങ്ങളിലുള്ള ഉത്പാദക സംഘങ്ങൾ, ജില്ലാ തലത്തിലുള്ള ഫെഡറേഷനുകൾ, സംസ്ഥാന തലത്തിലുള്ള യൂണിയൻ, 'അമുൽ' എന്ന ഉത്പാദക കമ്പനി. ഇതിന്റെ ഓഹരിയുടമകൾ ഗവൺമെന്റല്ല, ക്ഷീരകർഷകരാണ്. ഉത്പാദക സംഘങ്ങൾ വഴി നീര ഉത്പാദിപ്പിച്ച്, രണ്ട് മണിക്കൂറിനുള്ളിൽ അത് ശാസ്ത്രീയമായി ശേഖരിച്ച് പുളിക്കാതെ, ശീതികരിച്ച് ഫെഡറേഷനുകളിൽ എത്തിക്കുന്ന ഒരവസ്ഥ നമുക്ക് സംജാതമാക്കാൻ കഴിയും. അതിനെ നീര, നീരയുടെ ഉൽപന്നങ്ങൾ, തെങ്ങിൻ ചക്കര, തെങ്ങിൻ പഞ്ചസാര എന്നിങ്ങനെ വൈവിദ്ധ്യമാർന്ന ഉൽപന്നങ്ങളാക്കി സംസ്ക്കരിക്കാൻ നമുക്ക് കഴിയും. ഇതെല്ലാം ചെയ്യുന്ന കമ്പനികൾ കേരകർഷകർക്ക് ഭൂരിപക്ഷം ഓഹരി മൂലധനമുള്ള ഉത്പാദക കമ്പനികൾ ആയിരിക്കയും

വായുവിൽ തുറന്ന് വച്ചാൽ അതിൽ ആൽക്കഹോളിന്റെ അംശം ഉണ്ടായി വരാം. പാതയോരത്തെ പെട്ടിക്കടയിൽ മുന്തിരി ജ്യൂസ് കച്ചവടം അബ്കാരി നിയമത്തിന്റെ കീഴിലാവണം എന്ന് പറയുന്നപോലെ ബാലിശമാണ് നീരയ്ക്ക് അബ്കാരി നിയമത്തിന്റെ അനുമതി ആവശ്യമാണെന്ന് പറയുന്നതും! നിലവിലുള്ള അബ്കാരി നിയമപ്രകാരം കർഷകർക്ക് നീര ടാപ്പു ചെയ്യാനാവില്ല. അബ്കാരി നിയമത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് നാം ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഈ നിയമതടസ്സങ്ങൾ മാറ്റിയെഴുതേണ്ടത് കേരളത്തിലെ കേരകർഷകരുടേയും, കാർഷിക സമ്പദ് വ്യവസ്ഥയുടെയും നിലനിൽപിന് ആവശ്യമാണ്. ഇതു സംബന്ധിച്ച ചർച്ചകൾ സർക്കാർ തലത്തിൽ നടക്കുന്നുണ്ട്.

കോഴിക്കോട്ടെ കർഷക സുഹൃത്തുക്കൾ നീരയുടെ പ്രചരണാർത്ഥം പുറത്തിറക്കിയ ഒരു ലഘുലേഖയിലെ വാചകം ഓർമ്മിക്കുന്നു. "കൈയ്യിലിരിക്കുന്ന സ്വർണ്ണം വെള്ളിക്കടയിൽ കൊണ്ടുപോയി ചെമ്പിന്റെ വിലയ്ക്ക് വിൽക്കാൻ വിധിക്കപ്പെട്ടവരാണ് കേരകർഷകർ" എന്ന് അവർ പറയുന്നു. ഇത് വാസ്തവമല്ലേ ? സ്വർണ്ണത്തിന്റെ വിലയുള്ള നീര ഉത്പാദിപ്പിക്കാതെ, ചെമ്പ് വിലക്ക് തേങ്ങയും, കൊപ്രയും വിൽക്കേണ്ടി വരുന്ന കേരകർഷകരുടെ അവസ്ഥ ഇനിയും മാറ്റാൻ വൈകാമോ? കേരളത്തിന്റെ നാലഞ്ച് ജില്ലകളിൽ ഭൂമിക്കടിയിൽ ക്രൂഡ് ഓയിൽ കണ്ടെത്തിയാൽ റിഫൈനറിയിലേയോ, പെട്രോൾ ബങ്കിലേയോ തൊഴിലാളികളുടെ ജോലി പോകും എന്ന് പറഞ്ഞ് എണ്ണ കുഴിച്ചെടുക്കരുത് എന്ന് തീരുമാനിക്കാമോ? ഇറക്കുമതി ചെയ്ത് സംസ്ക്കരിച്ച് പലവിധ നികുതികളേർപ്പെടുത്തി വിൽക്കുന്ന പെട്രോളിന് ഒരു ലിറ്ററിന് 67 രൂപയാണ് വില. ഒരു ലിറ്റർ നീരയ്ക്ക് ചുരുങ്ങിയത് 100 രൂപയ്ക്ക് മുകളിലാണ് വില. അതായത് മണ്ണിനടിയിൽ ഖനനം നടത്താതെ ലഭിക്കുന്ന നീര പെട്രോളിനേക്കാൾ വിലയുള്ള , കാർഷിക ഉൽപന്നമാണ്. വിലപ്പെട്ട, നിരവധി തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നൊരു വസ്തു തന്നെയാണ് നീര. ഇതിനുവേണ്ടി നിലകൊള്ളാൻ, വിവാദങ്ങളൊഴിവാക്കി വിവേകപൂർണ്ണമായൊരു സംവാദത്തിനായി, ആശയസമന്വയത്തിനായി കേരളത്തിലെ രാഷ്ട്രീയ പാർട്ടികളും തൊഴിലാളി-കർഷക സംഘടനാ നേതാക്കളും മുന്നോട്ടുവരുമെന്ന് പ്രതീക്ഷിക്കുന്നു. നാളികേര വികസന ബോർഡ്, നേരിട്ട് നീര ഉത്പാദിപ്പിക്കുകയല്ല, കേരളത്തിൽ നീര ഉത്പാദിപ്പിക്കുമ്പോൾ ഉപഭോക്താവ് നൽകുന്ന വിലയുടെ അൻപത് ശതമാനം കർഷകർക്ക് ലഭിക്കുകയും, ഇരുപത്തിയഞ്ച് ശതമാനം നീര ടെക്നീഷ്യൻസിനു ലഭിക്കുകയും, ബാക്കി ഇരുപത്തിയഞ്ച് ശതമാനം സംസ്ക്കരണ, വിപണന പ്രവർത്തനങ്ങൾക്കുമായി ലഭ്യമാക്കണമെന്ന ആശയമാണ് ബോർഡിനുള്ളത്. ഏല്ലാവരും ഏകമനസ്സോടെ ഇക്കാര്യത്തിൽ പ്രവർത്തിച്ചാൽ ചുരുങ്ങിയത് 30,000 രൂപ പ്രതിമാസ വരുമാനവും പെൻഷനും പ്രൊവിഡന്റ് ഫണ്ടും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്ന പത്ത് ലക്ഷത്തോളം ' ഗ്രീൻ കോളർ 'നീര ടെക്നീഷ്യന്മാരെ കേരളത്തിൽ രൂപപ്പെടുത്താൻ നമുക്ക് സാധിക്കും. ഫിലിപ്പീൻസിലെ കോക്കനട്ട് അതോറിറ്റി നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയെ നീരയുടെ പ്രചരണത്തിനുപയോഗിക്കുന്നത് ശ്രദ്ധിക്കുക. മുങ്ങിത്താഴുന്ന കേരകർഷകർക്കും, കേരളത്തിന്റെ കാർഷിക സമ്പദ് വ്യവസ്ഥയ്ക്കും, കേരള വികസനത്തിനും നമുക്ക് നൽകാവുന്ന ഏറ്റവും വലിയ സംഭാവനയായിരിക്കും കേരകർഷകർക്ക് നീരയുത്പാദിപ്പിക്കുവാനുള്ള അനുമതി. നമ്മുടെ ആരോഗ്യരംഗത്തിനും മുതൽക്കൂട്ടായേക്കാവുന്ന ഒരുൽപന്നത്തിന്റെ ഉയിർത്തെഴുന്നേൽപ്പും അതുവഴി സാധ്യമാണ്. അങ്ങനെ കേരകർഷകരുടെ ഒരു മാഗ്നാകാർട്ടയാകട്ടെ നീരയും നീരയുത്പാദനവും. ◄

*ലേഖകന്റെ അഭിപ്രായങ്ങൾ വ്യക്തിപരം.*

നാളികേര വികസന ബോർഡ് ചെയർമാനാണ് ലേഖകൻ

ഫോൺ: 0484 2375216

കവിത

രാമദാസ് പുതുക്കൈമഠം

# ജൈവകൃഷിയുടെ പാഠം

ജൈവകൃഷിയുടെ വിജയമറിഞ്ഞോ
വിശുദ്ധവിളവിൻ വിജയമിതാ
പരപ്പ എന്നൊരു ദേശത്ത്
കർഷകനായ കുഞ്ഞമ്പു
ചെണ്ടുമല്ലി ചെടിയാലെ
നാടുകടത്തി കീടത്തെ
പയറും പാവലിനുമൊപ്പം
പലതരം പച്ചക്കറിവിളകൾ
ഉയർന്നു പൊങ്ങി ഉണർവോടെ
ജീവാണുവിൻ ജാലത്താൽ
ജൈവകൃഷിയുടെ വിജയഫലം
വാങ്ങാൻ നാട്ടാർ നെട്ടോട്ടം
രുചിയും ഗുണവും കെങ്കേമം
വിശുദ്ധവിളവിൻ വിജയഫലം
ആർക്കുമൊരുക്കാം തോട്ടത്തിൽ
ആരോഗ്യത്തിൻ ആഹാരം
കണ്ടുപഠിക്കാം നമുക്കെല്ലാം
ജൈവകൃഷിയുടെ പാഠങ്ങൾ

